## പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2785 — 19.12.2012-ൽ മറുപടിയ്ക്ക്

### ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ടൂറിസം രംഗം മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വളർച്ച പ്രാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്തിന്റെ ടൂറിസം രംഗം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെയധികം വളർച്ച പ്രാപിച്ചിട്ടുണ്ട്. |
| (ബി) 'കടൽ വിമാന സർവ്വീസ്' സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഉണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് ആണ് കടൽ വിമാന സർവ്വീസ് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുള്ളത്. പ്രസ്തുത പഠനത്തിന്റെ ഭാഗമായി മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, മൂന്നാർ, ബോൾഗാട്ടി, ബേക്കൽ മുതലായ കേന്ദ്രങ്ങളിലെ സാധ്യതാപഠന റിപ്പോർട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. |
| (സി) ടൂറിസം മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് ഉതകുന്ന നൂതന ആശയങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) ടൂറിസം മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് ലക്ഷ്യമിട്ടു കൊണ്ട് ടൂറിസം സാധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളെ വായുമാർഗ്ഗം |

ബന്ധിപ്പിക്കുന്നതിന്റെയും പുതിയൊരു ടൂറിസം ഉൽപ്പന്നം അവതരിപ്പിക്കുന്നതിന്റെയും ഭാഗമാണ് കെ.ടി.ഐ.എൽ. വഴി സർക്കാർ നടപ്പിലാക്കുന്ന കടൽ വിമാന പദ്ധതി. കൂടാതെ വിവിധ പദ്ധതികളായ വേസൈഡ് അമിനിറ്റി സെന്ററുകൾ, എന്റർടെയിന്റ്മെന്റ് കം ലിഷർ എൻക്ലേവ് മുതലായ വിവിധ നൂതന ടൂറിസം പദ്ധതികൾ കെ.ടി.ഐ.എൽ വഴി ആവിഷ്ക്കരിച്ച് വരുന്നുണ്ട്. നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ഒരു ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടിയും പൂർത്തീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ